Break the chain

# കേരളസർവകലാശാല

നം.പി.ആർ.38/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി. സുവോളജി വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ബയോസിസ്റ്റമാറ്റിക്സ് ആന്റ് ബയോഡൈവേഴ്സിറ്റി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് 2 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2022 ആഗസ്റ്റിൽ നടത്തിയ രണ്ടാം വർഷ ബി.എ. (പാർട്ട് I & II) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി ഫെബ്രുവരി 21 മുതൽ 28 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.V (അഞ്ച്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

### ത്രിദിന ദേശീയ സെമിനാർ

കേരളസർവകലാശാലയുടെ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ 2023 ഫെബ്രുവരി 22 മുതൽ 24 വരെ 'Contemporary Practices in Manuscriptology' എന്ന വിഷയത്തിൽ ത്രിദിന ദേശീയ സെമിനാർ നടക്കുകയാണ്. പ്രസ്തുത സെമിനാറിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ഫെബ്രുവരി 22 ന് രാവിലെ കാര്യവട്ടത്തെ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ എത്തിച്ചേരേണ്ടതാണ്.

### സപ്തദിന ദേശീയ സെമിനാർ

കേരളസർവകലാശാലയ്ക്ക് കീഴിലുള്ള കേരളസർവകലാശാല പഠനഗവേഷനകേന്ദ്രം ആലപ്പുഴ കേന്ദ്രത്തിൽ തദ്ദേശ സ്വയംഭരണവും ഗ്രാമീണ വികസനവും: ഉയർന്നു വരുന്ന പ്രശ്നങ്ങളും സാധ്യതകളും എന്ന വിഷയത്തിൽ ഫെബ്രുവരി 26 വരെ ഒരു സപ്തദിന ശിൽപശാല സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾക്ക്: 9446250397, 8129509264

തിരുവനന്തപുരം,
20.02.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**